പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3280 16.12. 2015- ലെ മറുപടി

**ചെയർമാൻ ഫണ്ട് പദ്ധതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. വി.റ്റി.ബൽറാം | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ) നോർക്ക വകുപ്പ് ചെയർമാൻ ഫണ്ട് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി)എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) നിർദ്ധനരായ പ്രവാസി കുടുംബാംഗങ്ങളെ സാമ്പത്തികമായി സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 1,00,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പ്രവാസി കുടുംബാംഗങ്ങൾക്കാണ് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. ചെയർമാൻ ഫണ്ട് പദ്ധതിയിലൂടെ ചികിത്സാ, മരണാനന്തര, വിവാഹ ധനസഹായങ്ങൾ നൽകി വരുന്നുണ്ട്. നാളിതുവരെ ചെയർമാൻ ഫണ്ട് പദ്ധതിയിൽ നിന്നും 981 പേർക്കായി 1,83,50,652/- രൂപ അനുവദിച്ചിട്ടുണ്ട്. |
| സി)ഇതു നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | സി) നോർക്ക – റൂട്ട്സ് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നതിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 20% ഉൾക്കൊള്ളിച്ചാണ് നോർക്ക – റൂട്ട്സ് ചെയർമാൻ ഫണ്ട് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്. അർഹതയുള്ള തിരികെയെത്തിയ പ്രവാസികളായിരുന്ന കേരളീയർക്ക് നോർക്ക – റൂട്ട്സ് ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തോടെയാണ് ചികിത്സാ, മരണാനന്തര, വിവാഹ ധനസഹായങ്ങൾ നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ